LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം നഗര ശുദ്ധജല പദ്ധതി

133 (730) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നഗരസഭയിലെ പരിധിയിൽ താമസിക്കുന്ന ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായുള്ള എൽ.ഐ.സി സഹായത്തോടെയുള്ള യു.ഐ.ഡി.എസ്.എസ്.എം.ടി ഒറ്റപ്പാലം നഗര ശുദ്ധജലപദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ എത്രമാത്രം ജോലി പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി പൂർത്തീകരണത്തിനായി എത്ര രൂപയുടെ അനുമതിയാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; പദ്ധതി കുറ്റമറ്റരീതിയിൽ പൂർത്തിയാക്കുന്നതിനായി ആക്ഷൻ പ്ലാൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) എൽ.ഐ.സി. സഹായത്തോടെ ആരംഭിച്ച പദ്ധതിയുടെ ബാക്കി ഘടകങ്ങൾ യു.ഐ.ഡി.എസ്.എസ്.എം.ടി. യിൽ ഉൾപ്പെടുത്തുകയും 1800 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും പദ്ധതി ആറ് പാക്കേജുകളായി പുന:ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ പാക്കേജായ റോ വാട്ടർ പമ്പിംഗ് മെയിൻ പ്രവൃത്തിക്ക് എഗ്രിമെന്റ് വയ്ക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം പാക്കേജായ 13 എം.എൽ.ഡി ജല ശുദ്ധീകരണശാലയുടെ ദർഘാസ് പരിശോധനയിലാണ്. മറ്റു പാക്കേജുകളായ ഭാരതപ്പുഴയിലെ തടയണ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവയുടെ എസ്റ്റിമേറ്റുകൾ അതോറിറ്റിയിൽ സൂക്ഷ്മ പരിശോധനയിലാണ്.

(സി) 1800 ലക്ഷം രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്.

(ഡി) യു.ഐ.ഡി.എസ്.എസ്.എം.ടി. യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി നടപ്പാക്കുന്നതിനായി ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ വാട്ടർ അതോറിറ്റിയും സംസ്ഥാന സർക്കാരുമായി ഒരു ധാരണാപത്രം ഒപ്പു വച്ചതനുസരിച്ച് മുനിസിപ്പാലിറ്റി തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (TAG)-ന്റെ ശുപാർശയ്ക്കും അംഗീകാരത്തിനും വിധേയമായി ജല അതോറിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി 2012 മാർച്ച് മാസം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.